1996-97 - 83,00,000 കാഷ്

5,54,54,000 കൈന്റ്

1997-98 - 69,00,000 കാഷ്

3,86,77,000 കൈന്റ്

1998-99 - പ്രജനന ശിശു ആരോഗ്യപദ്ധതിയിൽപ്പെടുത്തിയാണ് സഹായം അനുവദിച്ചത്.

1,62,34,400 കാഷ്

8,49,03,000 കൈന്റ്

(സി) ചെലവ്

1996-97 - 75,54,478 കാഷ്

5,54,54,000 കൈന്റ്

1997-98 - 82,49,799 കാഷ്

3,86,77,000 കൈന്റ്

1998-99 - 1,28,84,81 കാഷ്

8,49,03,000 കൈന്റ്

110 (736) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തുടങ്ങുന്നതിനുള്ള നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തുടങ്ങുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര സെന്ററുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(സി) പുതുതായി തുടങ്ങുന്ന കമ്മ്യൂണിറ്റി സെന്ററുകളിൽ ചടയമംഗലം മണ്ഡലത്തിലുള്ള ആശുപത്രികൾ ഏതെങ്കിലും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) നടപ്പ് സാമ്പത്തിക വർഷം 25 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് ഇപ്പോൾ തീരുമാനമൊന്നും ആയിട്ടില്ല.

111 (737) കുഷ്ഠരോഗികളുടെ പുനരധിവാസം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുഷ്ഠരോഗികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുഷ്ഠരോഗം ബാധിച്ചവരുടെ സെൻസസ് എടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കുഷ്ഠരോഗ നിർമ്മാർജ്ജനരംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരെ 2000-ാമാണ്ടിനുശേഷവും ഈ വിഭാഗത്തിൽ നിലനിർത്തുന്നതിന് ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇന്റഗ്രേഷൻ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് സംസ്ഥാന സർക്കാരിന് നൽകിയ നിർദ്ദേശത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) കേരളത്തിൽ കുഷ്ഠരോഗ ബാധിതരുടെ എണ്ണം കുറയ്ക്കുന്നതിന് ഈ രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ പ്രവർത്തനംകൊണ്ട് കഴിഞ്ഞിട്ടുണ്ടെന്ന വിവരം സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ വിഭാഗക്കാർക്ക് ജോലിസ്ഥിരതയും അർഹമായ പ്രൊമോഷൻ വ്യവസ്ഥകളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുഷ്ഠരോഗികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി കുഷ്ഠരോഗാശുപത്രികളിൽനിന്നും ആരോഗ്യമുള്ള രോഗവിമുക്തരായവരെ പേഷ്യന്റ് എംപ്ലോയീസായും അറ്റന്ററായും നിയമിച്ചുവരുന്നു. കൂടാതെ പുനരധിവാസത്തിന്റെ ഭാഗമായി സ്വയംതൊഴിൽ ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 2,000/- രൂപവരെ സാമ്പത്തിക സഹായം നൽകിവരുന്നു.

(ബി) ഇപ്പോൾ ഇല്ല.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ഇന്റഗ്രേഷൻ സംബന്ധിച്ച് മൾട്ടിപർപ്പസ് വർക്കേഴ്സിനു ലെപ്രസി ട്രെയിനിംഗ് നൽകുവാനുള്ള കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം പരിശോധിച്ചുവരുന്നു. കേന്ദ്രഗവൺമെന്റ് ഇതിലേക്കാവശ്യമായ ഫണ്ടും അനുമതിയും നൽകുന്ന മുറയ്ക്ക് ട്രെയിനിംഗ് തുടങ്ങുന്നതിനുള്ള അനുവാദം നൽകുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ഇതര സംസ്ഥാന ജീവനക്കാർക്കുള്ളതുപോലെ അർഹമായ പ്രൊമോഷനും ജോലിസ്ഥിരതയും കുഷ്ഠരോഗ നിർമ്മാർജ്ജനരംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാർക്കുമുണ്ട്.

112 (738) രോഗ പ്രതിരോധ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഹൃദ്രോഗം, ഹെപ്പറ്റൈറ്റീസ് എ, ഹെപ്പറ്റൈറ്റീസ് ബി എന്നീ രോഗങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly